പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.2076

08.03.2018 ൽ
മറുപടിയ്ക്ക്

## യുവജനക്ഷേമ ബോർഡ് നടപ്പിലാക്കി വരുന്ന പദ്ധതികൾ

ചോദ്യം

ശ്രീ. എ.എൻ. ഷംസീർ
ശ്രീമതി.യു.പ്രതിഭ ഹരി
ശ്രീ.കെ.ബാബു
ശ്രീ.ഒ.ആർ.കേളു.

മറുപടി

ശ്രീ.എ.സി. മൊയ്തീൻ
(ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ യുവജനങ്ങളുടെ സർഗ്ഗ ശേഷിയും കർമ്മശേഷിയും പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്; അവയുടെ വിശദാംശം നൽകുമോ ; | (എ) | സംസ്ഥാനത്തെ യുവജനങ്ങളുടെ സർഗ്ഗ ശേഷിയും കർമ്മശേഷിയും പ്രോത്സാഹിപ്പിക്കുന്നതിനായി ബോർഡ് വിവിധങ്ങളായ പദ്ധതികളാണ് ആവിഷ്ക്കരിക്കുന്നത്. കേരളോത്സവം, യൂത്ത് ക്ലബ്ബുകളുടെ ശാക്തീകരണം, ക്ലബ്ബുകളിലെ യുവജന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് യൂത്ത് കേരള എക്സ്പ്രസ്സ് എന്ന റിയാലിറ്റി ഷോ, ഷോർട്ട് ഫിലിം ഫെസ്റ്റിവൽ, യുവ സാഹിത്യ ക്യാമ്പ്, യുവമാധ്യമ പ്രവർത്തക ക്യാമ്പ്, സാഹസിക പ്രവർത്തനങ്ങൾ, വനിതാശിൽപശാല, പി.എസ്.സി പരീക്ഷാ പരിശീലനം, യുവജനദിനാചരണങ്ങൾ, സംരംഭകത്വ വികസന പരിപാടികൾ, യുവപ്രതിഭകളെ കണ്ടെത്തി യൂത്ത് അവാർഡ് നൽകൽ, നാടൻകലാമേള, ബോധവൽക്കരണ ക്യാമ്പയിനുകൾ, കലാ കായിക പ്രവർത്തനങ്ങൾ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | അഭിപ്രായ സ്വാതന്ത്ര്യത്തിന് നേരെയും ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന് നേരെയും സംസ്ഥാനത്തെ ചില കേന്ദ്രങ്ങൾ ഭീഷണിയുയർത്തുന്ന സാഹചര്യത്തിൽ, അഭിപ്രായ സ്വാതന്ത്ര്യ സംരക്ഷണത്തിനായി യുവജനക്ഷേമ | (ബി) | അഭിപ്രായ സ്വാതന്ത്ര്യത്തിനും ആവിഷ്ക്കാര സ്വാതന്ത്ര്യത്തിനും ഊന്നൽ നൽകിക്കൊണ്ട് ഇന്ന് സമൂഹത്തിൽ വളർന്നു വരുന്ന അസഹിഷ്ണുതയ്ക്കെതിരെ അവബോധമുളവാക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെ ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികളാണ് യൂത്ത് |

| | | | |
|---|---|---|---|
| | ബോർഡ് നടപ്പാക്കുന്ന ദേശീയ യൂത്ത് കൺകോഡ് പരിപാടിയുടെ വിശദാംശം അറിയിക്കാമോ; | | കോൺകോഡ് 2018 എന്ന പദ്ധതിയിലൂടെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.<br><br>കേരള നിയമസഭാ സെക്രട്ടേറിയറ്റ്, സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, യൂത്ത് ക്ലബ്ബുകൾ എന്നിവയുടെ സഹകരണത്തോടെയാണ് പ്രസ്തുത പരിപാടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.<br><br>2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള സർക്കാർ ഗ്രാന്റ്-ഇൻ-എയ്ഡ് ഉപയോഗിച്ച് അംഗീകരിച്ച പദ്ധതികളിൽ ഉൾപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, യുവസാഹിത്യ ക്യാമ്പ്, ഷോർട്ട് ഫിലിം ഫെസ്ററിവൽ, അഭിനയ കളരി, കലാ സാംസ്കാരിക കൂട്ടായ്മകൾ, മാധ്യമ ക്യാമ്പ്, യൂത്ത് ഡവലപ്മെന്റ് പ്രോജക്ട്, ജില്ലാ യൂത്ത് സെന്ററുകളുടെ കീഴിലുള്ള പ്രവർത്തനങ്ങൾ തുടങ്ങിയ പദ്ധതികളാണ് യൂത്ത് കോൺകോഡിന്റെ ഭാഗമായി മേൽപ്പറഞ്ഞ ഉദ്ദേശ്യലക്ഷ്യങ്ങൾ മുൻനിർത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.<br><br>യൂത്ത് കോൺകോഡിന്റെ ഭാഗമായി തിരുവനന്തപുരം മുതൽ കാസർഗോഡു വരെയുള്ള വീഥികളിൽ കലാ സാഹിത്യ രംഗത്തെ പ്രമുഖരടങ്ങുന്ന സംഘങ്ങൾ കലാ സാംസ്കാരിക പരിപാടികൾ അവതരിപ്പിക്കുകയും യൂത്ത് ക്ലബ്ബുകളെ അതിൽ പങ്കാളികളാക്കുകയും ചെയ്യും. കൂടാതെ സാഹിത്യമാധ്യമ സാംസ്കാരിക കൂട്ടായ്മകൾ, സെമിനാറുകൾ, നാടകങ്ങൾ, യൂത്ത് പാർലമെന്റുകൾ, കലാ പ്രദർശനങ്ങൾ, സൈക്കിൾ റാലി എന്നിങ്ങനെ വൈവിധ്യമുള്ള പരിപാടികളിലൂടെ അഭിപ്രായ-ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ സന്ദേശം കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളിലും എത്തിക്കുകയാണ് ലക്ഷ്യം. |
| (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൂടി പങ്കാളിത്തത്തിൽ നടത്തുന്ന യുവജനങ്ങളുടെ കഴിവു വിനിയോഗിക്കാനുള്ള പദ്ധതിയായ | (സി) | കേരളത്തിന്റെ വികസനത്തിന് യുവജനങ്ങളെയും യുവജനകൂട്ടായ്മകളെയും ഉപയുക്തമാക്കി യുവജനക്ഷേമ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ |

| | | | |
|---|---|---|---|
| | 'യുവശക്തി' യുടെ വിശദാംശം നൽകുമോ? | | ആസൂത്രണം ചെയ്ത് യുവശക്തി പദ്ധതിയിലൂടെ നടപ്പാക്കി വരുന്നു. യുവജനങ്ങളിലൂടെയും യുവജനക്ലബ്ബുകളിലൂടെയും ബോർഡ് നടപ്പിലാക്കി വരുന്ന വിവിധങ്ങളായ പദ്ധതികൾ യുവജനങ്ങളിലെത്തിക്കുന്നതിന് യുവശക്തി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. സ്വയം തൊഴിൽ സംരംഭങ്ങൾക്ക് പ്രോത്സാഹനവും ധനസഹായവും നൽകുന്നു. സ്വയംതൊഴിൽ പരിശീലനം, ദിനാചരണങ്ങൾ, യുവകർമ്മസേന, പി.എസ്.സി പരിശീലനം, കായിക പരിശീലനം, ബോധവൽക്കരണം തുടങ്ങി ബോർഡ് നടപ്പിലാക്കി വരുന്ന വിവിധങ്ങളായ പദ്ധതികൾ യുവജനങ്ങളിൽ എത്തിക്കുന്നതിനും യൂത്ത് ക്ലബ്ബുകളിലൂടെ യുവജനശാക്തീകരണം ഗ്രാമപഞ്ചായത്ത് തലം മുതൽ നടപ്പിലാക്കുക എന്നതും യുവശക്തി പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നു.. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിക്കുന്ന നിശ്ചിതഘടകമുള്ള കോ-ഓർഡിനേഷൻ കമ്മിറ്റിയും കമ്മിറ്റിയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി യൂത്ത് കോ-ഓർഡിനേറ്റർമാരെയും നിയമിച്ചിട്ടുണ്ട്. പഞ്ചായത്ത് കോ-ഓർഡിനേറ്റർമാർക്ക് 2500/- രൂപയും മുനിസിപ്പൽ കോ-ഓർഡിനേറ്റർമാർക്ക് 3000/- രൂപയും, കോർപ്പറേഷൻ കോ-ഓർഡിനേറ്റർമാർക്ക് 5000/- രൂപയും എല്ലാ മാസവും ഓണറേറിയം നൽകുന്നു. |

സെക്ഷൻ ഓഫീസർ